**NOV: 14**

# KGBEU OU ബുള്ളറ്റിൻ 63/2022

സഖാക്കളെ,

## വിഷയം: ചെയർമാനുമായി നടന്ന ചർച്ച

വിവിധ വിഷയങ്ങളിൽ ചെയർമാനുമായി നാം ചർച്ച നടത്തി. വിശദ വിവരങ്ങൾ ചുവടെ.

> ബിസിനസ്സ് സംബന്ധിച്ച വിഷയങ്ങളിൽ അഭിപ്രായ നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി quarterly അടിസ്ഥാനത്തിൽ അംഗീകൃത സംഘടനകളുമായി ചർച്ച നടത്തണമെന്ന് നാം ആവശ്യപ്പെട്ടു.

> സംഘടനയുടെ അഭിപ്രായം സ്വാഗതം ചെയ്യുന്നുവെന്നും അത് നടപ്പിലാക്കാൻ സന്നദ്ധമാണെന്നും ചെയർമാൻ അറിയിച്ചു.

> പ്രമോഷൻ നടപടികൾ ഉടൻ നടപ്പിലാക്കണമെന്നും നിലവിലെ ജീവനക്കാർക്ക് സീനിയോറിറ്റി നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് പോകാൻ ഇട വരുത്തരുതെന്നും നാം ആവശ്യപ്പെട്ടു.

> നടപടികൾ മുന്നോട്ട് പോകുകയാണെന്നും ഉടൻ നടപ്പിലാക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം അറിയിച്ചു.

> ആശ്രിത നിയമന അപേക്ഷകളെല്ലാം reject ചെയ്തു കൊണ്ടിരിക്കുകയാണെന്നും ജീവനക്കാരുടെ കുടുംബത്തെ സംരക്ഷിക്കാനുള്ള ബാധ്യതയിൽ നിന്നും മാനേജ്മെൻറ് പിന്മാറുന്ന പ്രവണത ജീവനക്കാരിൽ അസ്വസ്ഥത ഉളവാക്കുമെന്നും ആയതിനാൽ നിരസിച്ച അപേക്ഷകളും പുന:പരിശോധിച്ച് നിയമനം അനുവദിക്കണം എന്നും നാം ആവശ്യപ്പെട്ടു.

> OATD കേഡറിൽ വേക്കൻസി ഇല്ല എന്ന കാരണത്താൽ നിരസിച്ച അപേക്ഷകൾ പുന:പരി ശോധിച്ച് ആവശ്യമായത് ചെയ്യാം എന്ന് ഉറപ്പു നൽകി. സാമ്പത്തിക മാനദണ്ഡങ്ങൾ ചൂണ്ടിക്കാട്ടി നിരസിച്ചവ, കൃത്യമായി പഠിച്ച് മറുപടി പറയാം എന്നാണ് അദ്ദേഹം അറിയിച്ചത്.

> അശാസ്ത്രീയമായ രീതിയിലാണ് ചാർജ് ഷീറ്റുകളും അക്കൗബിലിറ്റിയും issue ചെയ്യുന്നത് എന്ന് ഉദാഹരണങ്ങൾ സഹിതം നാം വ്യക്തമാക്കി. അത്തരത്തിലുള്ളവ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നവ അല്ല എന്നും ചൂണ്ടിക്കാട്ടി.

> point out ചെയ്തു പറഞ്ഞവ ഉൾപ്പെടെ ജീവനക്കാർക്കെതിരായി തെറ്റായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യമായി ചൂണ്ടിക്കാട്ടുന്ന പക്ഷം പിൻവലിക്കും എന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. ചില കാര്യങ്ങൾ കാണിച്ച് കത്ത് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

> Retirees related issues വ്യാപകമായ രീതിയിൽ വരുന്നുണ്ട് എന്നതിനാലും അവരുടെ പല കത്തുകൾക്കും മറുപടി പോലും ലഭിക്കുന്നില്ല എന്ന പരാതി നില നിൽക്കുന്നതിനാലും അവരുമായി കൃത്യമായ ഒരു ആശയ സംവാദം നടത്തണമെന്ന് നാം ആവശ്യപ്പെട്ടു.

> HR മായി ബന്ധപ്പെട്ട് ആവശ്യമായ തരത്തിൽ മീറ്റിംഗ് ഉൾപ്പെടെ നടത്താൻ തയ്യാറാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചെയർമാനെ കാണാനും retirees സംഘടനകൾക്ക് അനുവാദം നൽകാനുള്ള നമ്മുടെ ആവശ്യവും അനുഭാവപൂർവ്വം പരിഗണിക്കാം എന്ന് അദ്ദേഹം അറിയിച്ചു.

> ജീവനക്കാർക്ക് Staff benefit ഇനത്തിൽ വിവിധ കാര്യങ്ങൾ ഉടൻ പരിഗണിക്കണം എന്ന് നാം ആവശ്യപ്പെട്ടു. ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

a. വർക്ക്മെൻ ജീവനക്കാർക്ക് അർഹതപ്പെട്ട 150% HRA അനുവദിച്ചു കൊണ്ട് സർക്കുലർ ഉടൻ പുറപ്പെടുവിക്കണം.

b. സ്റ്റാഫ് ഹൗസിങ് ലോൺ സ്പോൺസർ ബാങ്കിന് സമാനമായി അനുവദിക്കണം.

c. കേരളത്തിന് പുറത്ത് വീട് നിർമിക്കാൻ സ്റ്റാഫ് ഹൗസിങ് ലോൺ അനുവദിക്കണം.

d. പങ്കാളിയുടെ പേരിലുള്ള പ്രോപ്പർട്ടിയിൽ വീട് നിർമിക്കാൻ സ്റ്റാഫ് ഹൗസിങ് ലോൺ അനുവദിക്കണം.

e. പതിനൊന്നാം കരാർ പ്രകാരം ഉള്ള ലീവ് ആനുകൂല്യങ്ങൾ ഉടൻ അനുവദിക്കണം.

f. JAWS സോഫ്റ്റ്വെയർ visually impaired ആയ ആവശ്യക്കാർക്ക് അനുവദിക്കണം.

g. സുപ്രീം കോടതി വിധി പ്രകാരം കമ്പ്യൂട്ടർ ഇൻക്രിമെന്റ് അനുവദിക്കണം.

> മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിലവിലെ പൊസിഷൻ പഠിച്ച് ചെയ്യാൻ കഴിയുന്നവ ഉടൻ അനുവദിക്കാം എന്നും മറ്റുള്ളവ ഉചിതമായ വേദിയിലേക്ക് take up ചെയ്യുമെന്നും അറിയിച്ചു.

> PMO യിൽ അലവൻസുകളിൽ അനുഭവിക്കുന്ന വിവേചനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. മുഴുവൻ ജീവനക്കാർക്കും താമസവും Halting അലവൻസും അനുവദിക്കണം എന്നാണ് നമ്മുടെ നിലപാട് എന്നും അറിയിച്ചു. Option/willingness ചോദിക്കുമ്പോൾ അർഹമായ ആനുകൂല്യങ്ങൾ ഏതൊക്കെ എന്ന് കാണിക്കാത്തത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് എന്നും പറഞ്ഞു.

> ഇതിനു പരിഹാരം കാണും എന്ന് ഉറപ്പു നൽകി. ഇനി മുതൽ Option/willingness ചോദിക്കുമ്പോൾ ആനുകൂല്യങ്ങൾ ലഭ്യമാവുന്നത് ഏതൊക്കെ എന്ന് കൂടി ജീവനക്കാരെ അറിയിക്കും. PMO യിൽ ഉള്ളവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ തിരിച്ചു വരാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള സൗകര്യം ഒരുക്കുമെന്നും ചെയർമാൻ ഉറപ്പു നൽകി. കുറച്ച് പേര് മാത്രം ആയതിനാൽ ബാക്കിയുള്ളവർക്ക് HA നൽകണമെന്ന ആവശ്യം ഒന്ന് കൂടി പരിശോധിച്ച് മറുപടി പറയാം എന്ന് അറിയിച്ചു.

> ജ്വവൽ അപ്രൈസർമാരുടെ കമ്മീഷൻ KGB ആയതിനു ശേഷം വർദ്ധിപ്പിച്ചിട്ടില്ല എന്നതിനാൽ അത് വർദ്ധിപ്പിക്കണം എന്ന് ആവശ്യപ്പെട്ടു. ഇതര ബാങ്കുകളിൽ മെച്ചപ്പെട്ട ചാർജ് ലഭിക്കുന്നുണ്ട് എന്ന കാര്യം കൂടി അറിയിച്ചു.

> മറ്റു ബാങ്കുകളിലെ ചാർജ് പരിശോധിച്ച് ഉചിതമായ വർദ്ധനവ് വരുത്താൻ സന്നദ്ധമാണ് എന്ന നിലയിലാണ് അദ്ദേഹം പ്രതികരിച്ചത്.

> താൽക്കാലിക ജീവനക്കാർക്ക് അരിയർ ഉൾപ്പെടെ വർദ്ധിപ്പിച്ച വേതനം നൽകണം എന്നും അത് ജോയിന്റ് കോൺഫറൻസിന്റെ ഭാഗമാണ് എന്നും ആവശ്യപ്പെട്ടു.

> താൽക്കാലിക ജീവനക്കാർക്ക് അരിയർ നൽകാൻ കഴിയില്ല എന്നാണ് ചെയർമാൻ അറിയിച്ചത്. വേതനത്തിൽ സ്പെഷ്യൽ അലവൻസ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാം എന്ന് അറിയിച്ചു.

> സമരം ചെയ്തതിന്റെ പേരിൽ പ്രൊബേഷൻ extend ചെയ്ത നടപടി പിൻവലിക്കണം എന്ന് നാം ആവശ്യപ്പെട്ടു.

> ചെയ്യാൻ പാടില്ലാത്ത നടപടി ആണെങ്കിൽ അത് തിരുത്തും എന്ന് ഉറപ്പു നൽകി. അദ്ദേഹത്തെ ഈ വിഷയത്തിന്റെ വസ്തുത ബോധ്യപ്പെടുത്തി.

> ട്രാൻസ്ഫർ പോളിസി മോഡിഫിക്കേഷൻ, OATD ട്രാൻസ്ഫർ ഇറക്കാത്ത നടപടികൾ, ജീവനക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത TT ചെയ്യുന്നതിന് RM മാർക്ക് പെർമിഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉചിതമായി പരിഗണിക്കും എന്ന് അറിയിച്ചു.

> HR വിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കണ്ണൂർ ഓഫീസ് ബിൽഡിങ്ങിന്റെ ശോചനീയ അവസ്ഥയും ആവശ്യമായ രീതിയിൽ അത് ഉപയോഗപ്പെടുത്തണം എന്ന നിർദേശം, ചോയ്സ് ഇൻഷുറൻസ് കമ്പനിക്ക് BMC കളിൽ നൽകുന്ന അമിതമായ പ്രാധാന്യം, KGBECCS സെക്രട്ടറിക്ക് ഓഫീസിനു സമീപത്ത് ട്രാൻസ്ഫർ നൽകുക എന്നിവയും നാം ചർച്ചയിൽ ചൂണ്ടിക്കാട്ടി.

> ജോയിന്റ് കോൺഫറൻസ് ചൂിക്കാട്ടിയപ്പോൾ അത് കൃത്യമായ ഇടവേളകളിൽ നടത്താൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചു.

> യോഗ്യരായ സ്വീപ്പർമാർക്ക് ഗ്രാറ്റുവിറ്റി നൽകാൻ നാം നേരത്തെ ആവശ്യപ്പെട്ടതാണ്. ഇന്ന് വീണ്ടും അതാവശ്യപ്പെട്ടു. പരിശോധിച്ച് വേണ്ടത് ചെയ്യാം എന്നും ചെയർമാൻ അറിയിച്ചു.

> ഏറ്റവും പ്രധാനപ്പെട്ട വിഷയമായ 29 OATD കേസ് വിശദമായി സംസാരിച്ചു കൊണ്ടാണ് നാം അവസാനിപ്പിച്ചത്. PLI തിരിച്ചു പിടിക്കരുത് എന്ന് നാം ആവശ്യപ്പെട്ടുവെങ്കിലും അതിന്റെ നിയമനടിപടികൾ നില നിൽക്കുന്നതിനാൽ പ്രയാസം അറിയിക്കുകയാണുണ്ടായത്. നവംബർ 17 ന് ഹൈക്കോടതിയിൽ കേസ് വരുന്നുണ്ട് എന്നും അതിൽ മാനേജ്മെന്റ്, ജീവനക്കാരോട് മൃദു സമീപനം കാണിക്കണം എന്നും നാം ആവശ്യപ്പെട്ടു. വളരെ പോസിറ്റിവ് ആയാണ് അദ്ദേഹം പ്രതികരിച്ചത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ